ത്തു് ഇന്ത്യയ്ക്കുവേണ്ട നാണ്യങ്ങൾ മുഴുവൻ ഇന്ത്യയിൽത്തന്നെ അടിച്ചു തുടങ്ങിയെന്നു പറഞ്ഞല്ലോ. ഇപ്പോൾ വീണ്ടും ഇന്ത്യയുടെ നാണ്യങ്ങൾ അടിക്കുന്ന ചുമതല ഹീററൺ ഏറ്റെടുത്തിരിക്കുന്നു. മുഴുവനായല്ല, ഭാഗികമായി.'

'ഹീററൺ രൂപ നടപ്പിൽവന്നു കഴിഞ്ഞുവോ?'

'നിങ്ങളുടെ കൈയിൽ കിട്ടുന്ന രൂപ—നാണ്യങ്ങൾ സൂക്ഷിച്ചു പരിശോധിക്കുക. ഹീററൺ കമ്മട്ടത്തിന്റെ അടയാളമായ, ഇംഗ്ലീഷിലെ 'എച്ച്' എന്ന അക്ഷരം അതിലെവിടെയെങ്കിലും കാണുന്നുണ്ടെങ്കിൽ, അതു് 'ഹീററൺ രൂപ'യാണെന്നു തീരുമാനിക്കാം. 'എച്ച്' കാണുന്നില്ലെങ്കിൽ ആ നാണ്യം ഇന്ത്യയിലെ ഏതെങ്കിലും കമ്മട്ടത്തിൽ അടിച്ചതായിരിക്കണം.'

'രൂപയെപ്പററി ഇത്രയും വിവരങ്ങൾ തന്നതിനു നന്ദി.'

'നന്ദിയോ? നന്ദി ആർക്കുവേണം? എന്റെ ഫീസ് അഞ്ചു രൂപയാണ്. നാലു രൂപകൂടി എടുക്കൂ. നോട്ടായാലും വിരോധമില്ല. കൈയിൽ പററുന്ന ചെളി ഞാൻ കഴുകിക്കളഞ്ഞുകൊള്ളാം.'

(11 ഓഗസ്റ്റ്, 1985)

# 100. കള്ളനോട്ട്

ഞാൻ കറൻസിനോട്ടുകൾ ഉപയോഗിച്ചുതുടങ്ങിയിട്ട് ഏതാണ്ട് അമ്പതു വഷങ്ങളായി. ഇതിനിടയിൽ എപ്പോഴെങ്കിലും ഒരു കള്ളനോട്ട് എന്റെ കൈയിൽ വന്നുപെട്ടതായി ഓർമിക്കുന്നില്ല. കീറിയ നോട്ട്, മുഷിഞ്ഞ നോട്ട്, മഷിയോ, എണ്ണയോ വീണു മലിനമായ നോട്ട്—അതൊക്കെ കൈയിൽ കിട്ടിയിട്ടുണ്ട്. പീടികക്കാർ എടുക്കാൻ മടിക്കുന്ന ഇത്തരം നോട്ടുകൾ ബാങ്കുകാർ ഒരു മുറുമുറുപ്പും കൂടാതെ വാങ്ങി പകരം നല്ല, വൃത്തിയുള്ള പുതിയ നോട്ടുകൾ തരും. ഇതിനു കമ്മീഷൻ കൊടുക്കേണ്ടതുമില്ല.

കള്ളനോട്ട് കൈയിൽ വന്നുപററാത്തതു് എന്റെ മിടുക്കുകൊണ്ടൊന്നുമല്ല. യഥാർത്ഥത്തിൽ കറൻസിനോട്ടുകളെപ്പററി ഒരു ചുക്കും എനിക്ക് അറിഞ്ഞുകൂടാ. കിട്ടിയതു് ഞാൻ വാങ്ങുകയും, കൊടുക്കേണ്ടവർക്കു കൊടുക്കുകയും ചെയ്യുന്നു എന്നു മാത്രം. കള്ളനോട്ടുകളുടെ വൻതോതിലുള്ള പ്രചാരത്തെപ്പററി ആളുകൾ സംസാരിക്കുന്നതു കേൾക്കുമ്പോൾ, നമ്മുടെയെല്ലാം കൈകളിൽക്കൂടി കടന്നുപോകുന്ന നോട്ടുകളിൽ അധികവും കള്ളനോട്ടുകളല്ലേ എന്ന സംശയം തോന്നിപ്പോകുന്നു. അവ കള്ളനോട്ടുകളാണെന്നു കണ്ടുപിടിക്കപ്പെടാത്തതിനാൽ കൊള്ളക്കൊടുക്കൽ സുഗമമായി നടക്കുന്നു എന്നല്ലേയുള്ളു? കള്ളനാണയങ്ങൾ നല്ല നാണയങ്ങളെ മാക്കററിൽനിന്നു തുരത്തുമെന്ന ഒരു സുപ്രസിദ്ധ നിയമം ധനശാസ്ത്രവിദ്യാർത്ഥികൾ പഠിക്കാറുണ്ടല്ലോ. നോട്ടുമാർക്കററിൽ ഇതു് ഇപ്പോൾത്തന്നെ സംഭവിച്ചിരിക്കയാണോ?

ഒരർത്ഥത്തിൽ കറൻസിനോട്ടുകൾ എല്ലാംതന്നെ കള്ളനാണയങ്ങളല്ലേ? 'ഇതു് കൈയിലുള്ള ആൾക്ക് നൂറുരൂപ അല്ലെങ്കിൽ അമ്പതു രൂപ, ഇരുപതു രൂപ, പത്തു രൂപ, അഞ്ചു രൂപ, രണ്ടു രൂപ കൊടുക്കാമെന്ന് ഞാൻ പ്രതിജ്ഞചെയ്യുന്നു' എന്ന അത്ഥത്തിൽ ഒരു വാക്യവും, അതിനു കീഴെ അന്നന്നത്തെ റിസർവ് ബാങ്ക് ഗവർണരുടെ ഒരു ഒപ്പും അച്ചടി

ച്ചിട്ടുണ്ട് എന്ന വസ്തുതയാണല്ലോ ഇന്ത്യയിൽ ഒരു തുണ്ടുകടലാസ്സിനെ ഒരു കറൻസിനോട്ട് (നാണയം) ആക്കി മാററുന്നതു്. ഈ കടലാസ്സുതുണ്ട് റിസർവ് ബാങ്കിൽ കൊടുത്താൽ നിങ്ങൾക്കു കിട്ടുന്നതെന്തു്? സ്വർണമോ വെള്ളിയോ, അരിയോ തുണിയോ, സ്വയം മൂല്യവത്തായ മറെറന്തെങ്കിലും വസ്തുവോ നിങ്ങൾക്ക് അവർ തരുമോ? അവർ തരുക നിങ്ങൾ കൊടുത്തമാതിരി മറെറാരു കടലാസ്സുതുണ്ട് മാത്രമല്ലേ ആയിരിക്കൂ? ചില രാജ്യങ്ങൾ പരിമിതമായ തോതിൽ സ്വർണം—വെള്ളി നാണ്യങ്ങൾ അടിച്ചിറക്കുന്നുണ്ടെങ്കിലും സ്വർണമാനദണ്ഡം ഇപ്പോൾ ലോകത്തിൽ ഒരു രാജ്യത്തിലും നിലവിലുള്ളതായി അറിവില്ല. 'ഇതു കൈയിലുള്ള ആൾക്ക് ഇത്ര തൂക്കം സ്വർണം (അല്ലെങ്കിൽ വെള്ളി, അല്ലെങ്കിൽ അരി, ഉപയോഗമുള്ള എന്തെങ്കിലും) കൊടുക്കാമെന്നു ഞാൻ പ്രതിജ്ഞചെയ്യുന്നു' എന്ന വാക്യം ഏതെങ്കിലും രാജ്യത്തിൻെറ കറൻസിനോട്ടിൽ നിങ്ങൾ കണ്ടിട്ടുണ്ടോ? ഇല്ല. എന്നിട്ടും, സർക്കാരിലുള്ള വിശ്വാസം പൊലിഞ്ഞുപോകാത്തതിനാൽ ഈ കടലാസ്സുതുണ്ടുകൾ വാങ്ങി പകരം യഥാർത്ഥമൂല്യമുള്ള സാധനങ്ങൾ കൊടുക്കാൻ ജനങ്ങൾ തയ്യാറാകുന്നു എന്നല്ലേ ഉള്ളൂ? അതിരിക്കട്ടെ.

ഒററരൂപാനോട്ടുകളിൽ കള്ളനോട്ടുകൾ ഇല്ലെന്നാണ് എൻെറ വിശ്വാസം. കാരണം, വ്യാജക്കമ്മട്ടത്തിൽ ഒരു ഒററരൂപാനോട്ട് അടിച്ചെടുക്കാൻ ഇന്നത്തെ കടലാസ്സുവിലയും വേലക്കൂലിയും മററും കണക്കിലെടുക്കുമ്പോൾ, ഒരു രൂപയിലേറെ ചെലവു വരാനിടയുണ്ട്. റിസ്ക് എടുത്തു് കള്ളനോട്ട് അടിച്ചു നഷ്ടമുണ്ടാക്കാൻ വല്ലവരും മുതിരുമോ? കള്ളപ്പണം വെളുപ്പിക്കാൻ പററിയ വ്യവസായമല്ലല്ലോ കള്ളനോട്ടടി.

രണ്ടു രൂപ മുതല്ക്കു്, മേല്പോട്ടുള്ള കള്ളനോട്ടുകൾ അടിച്ചതിനു് ചില അറസ്റ്റുകൾ നടന്നതായി ചില വർഷങ്ങൾ മുമ്പു പത്രങ്ങളിൽ വാർത്തകൾ വരാറുണ്ടായിരുന്നു. ഈയിടെയായി അത്തരം വാർത്തകൾ കാണാറില്ല. അറസ്റ്റുകൾ നടക്കാഞ്ഞിട്ടോ, പത്രങ്ങൾ പ്രസിദ്ധീകരിക്കാഞ്ഞിട്ടോ?

ഇന്ത്യയിലെ നോട്ടുകൾക്കു പുറമെ, അമേരിക്കയിലെയും മററു ചില രാജ്യങ്ങളിലെയും കറൻസിനോട്ടുകൾകൂടി കളവായി അടിച്ചിറക്കുന്ന ഒരു സംഘത്തെ ഏതാനും വർഷംമുമ്പ് ദില്ലി പോലീസ് അറസ്റ്റ്ചെയ്യുകയുണ്ടായി. അമേരിക്കൻ നോട്ടുകൾ അടിച്ചിറക്കിയ ഒരു വിദഗ്ധസംഘം കൊല്ലത്തും ഉണ്ടായിരുന്നതായി കേട്ടിട്ടുണ്ട്. സ്വർണംപോലെതന്നെ ഇന്ത്യയിലെ കള്ളക്കടത്തുകാർക്കു പ്രിയപ്പെട്ട ഒരു ചരക്കാണ് ഡോളർ നോട്ട്. കരിഞ്ചന്തയിൽ ഒരു ഡോളർ നോട്ട് വാങ്ങിയ ഒരാൾക്ക്, അതു കള്ളനോട്ടാണെന്നു മനസ്സിലായാൽ പോലീസ്സിൽ പരാതിപ്പെടാൻ കഴിയുമോ? ഇരുട്ടിൽ കൊണ്ട അടി ചെകിട്ടത്തു്! അത്രതന്നെ.

ഭാഗ്യംകൊണ്ട് ഇന്നോളം ഒരു കള്ളനോട്ട് കൈയിൽ കുടുങ്ങിയിട്ടില്ലെങ്കിലും മേലിൽ വല്ലപ്പോഴും അങ്ങനെ സംഭവിച്ചുകൂടെന്നില്ലല്ലോ. കള്ളനോട്ടുകളെ നല്ല നോട്ടുകളിൽനിന്നു വേർതിരിച്ചറിയാനുള്ള മാർഗം വല്ലതുമുണ്ടോ എന്നു് ഇപ്പോഴേ ആലോചിക്കുന്നതു് അസ്ഥാനത്തായിരിക്കുകയില്ല.

വിരൽകൊണ്ടു തൊട്ടുനോക്കി ചിലർ കള്ളനോട്ടുകളെ നല്ല നോട്ടുകളിൽനിന്നു വേർതിരിച്ചറിയുമത്രേ. മദ്രാസിൽ ഒരു ലോട്ടറിട്ടിക്കററു കച്ചവടക്കാരനായ നൂറുദ്ദീൻ, ടിക്കററു വാങ്ങി പകരം കള്ളനോട്ടു കൊടുത്ത ഒരാളെ കൈയോടെ പിടികൂടി പോലീസ്സിലേല്പിച്ചതായി ഫെബ്രുവരി 9—ലെ 'ഹിന്ദു'പത്രത്തിൽ ഒരു റിപ്പോർട്ടുണ്ടായിരുന്നു. നൂറുദ്ദീൻ അന്ധനാണ്. വിരലുകൾകൊണ്ടു തടവിനോക്കിയാണ് നൂറുദ്ദീൻ നല്ല നോട്ടുകളും കള്ളനോട്ടുകളും വേർതിരിക്കുന്നതു്. ഇങ്ങനെ തൊട്ടറിയു

ന്നതു് നോട്ടടിച്ച കടലാസ്സിന്റെ ചില സവിശേഷതകളെയാണു്. ഇന്ത്യൻ കറൻസി നോട്ടുകൾ അടിക്കുന്നതു് 'ഇരുപത്തിനാലു പൗണ്ടു് ക്രൂപ്പൺ ബോൺഡ്'' എന്ന പേരുള്ള ഒരുതരം കടലാസ്സിലാണത്രേ. പരുത്തിനാരുകൾകൊണ്ടാണു് ഈ കടലാസ് നിർമിക്കുന്നതു്. അതിന്റെ ഇഴച്ചേരുവ (ടെക്സ്ചർ) വിദഗ്ധർക്കു വിരൽകൊണ്ടു തടവി മനസ്സിലാക്കാൻ കഴിയും. ഈ പ്രത്യേകതരം കടലാസ് സർക്കാരിനു മാത്രമേ കിട്ടുകയുള്ളുവത്രേ. (ആവോ! എങ്ങനെ വിശ്വസിക്കാനാണു്?)

നൂറുദ്ദീൻ കള്ളനോട്ടുകളെ തിരിച്ചറിയുന്നതു് വിരൽകൊണ്ടു തടവിയാണെങ്കിൽ മറ്റു ചിലർ, പ്രത്യേകിച്ച് ബാങ്കുകളിലെ ഉദ്യോഗസ്ഥന്മാർ, കണ്ണുകൊണ്ടു നോക്കി അവ തിരിച്ചറിയാറുണ്ടു്. ഉരുക്കിൽ നോട്ടിന്റെ രൂപം മറിച്ച് എൻഗ്രേവ് ചെയ്തു് ഉണ്ടാക്കിയ ബ്ലോക്ക് ഉപയോഗിച്ചാണു് നല്ല നോട്ട് അടിക്കുക. കള്ളനോട്ടടിക്കാരാകട്ടെ, നല്ല നോട്ടുകളുടെ ഹാഫ്ടോൺ ബ്ലോക്കുകളാണു് സ്വന്തം സർഗപ്രക്രിയയിൽ ഉപയോഗപ്പെടുത്തുന്നതു്. അത്തരം ബ്ലോക്കുകളുണ്ടാക്കുകയാണു് എളുപ്പം. എൻഗ്രേവ് ചെയ്ത ബ്ലോക്ക് ഉപയോഗിച്ചുള്ള അച്ചടിക്കു പല സവിശേഷതകളുമുണ്ടു്. വിദഗ്ധർക്ക് അവ കണ്ടറിയാം.

കള്ളനോട്ടടിക്കാരും എൻഗ്രേവിങ് പ്രക്രിയ ഉപയോഗപ്പെടുത്തിയാലോ? അപ്പോൾ അവരുടെ നിർമാണത്തിന്റെ പൂർണതതന്നെ അവരെ ഒററിക്കൊടുക്കുന്നു. ദില്ലിയിൽ അച്ചടിച്ച നൂറു ഡോളർ നോട്ടുകൾ പോലീസ് തിരിച്ചറിഞ്ഞതു് ആ നോട്ടുകളുടെ പൂർണത (പെർഫെക്ഷൻ) നിമിത്തമാണത്രേ. അമേരിക്കൻ സർക്കാർ അടിച്ചിറക്കുന്ന നൂറു ഡോളർ നോട്ടുകളിൽ ഒരു കടലാസ്സുകൊണ്ടു് അമർത്തി തുടച്ചാൽ ചിലേടങ്ങളിൽ മഷി പരക്കും. ദില്ലിയിലെ നൂറു ഡോളർ നോട്ടിൽ ആ ദോഷം ഉണ്ടായിരുന്നില്ല. എന്നിട്ടും വളരെ പ്രാകൃതമായ സാങ്കേതികവിദ്യ ഉപയോഗിച്ചാണത്രേ ദില്ലിയിലെ കള്ളനോട്ടടിക്കാർ ഡോളർനോട്ടുകൾ നിർമിച്ചിരുന്നതു്. കള്ളനോട്ടടി എന്ന വ്യവസായത്തിലെങ്കിലും നമുക്കു് അമേരിക്കൻ സാങ്കേതികസഹകരണം ആവശ്യമില്ല!

അമേരിക്കൻ കള്ളനോട്ടടിക്കാർക്കു് വിദഗ്ധോപദേശം നൽകിവന്നതു് അമേരിക്കൻ സർക്കാർതന്നെ ആയിരുന്നു എന്നതാണു് വിചിത്രമായ ഒരു സംഗതി. അമേരിക്കൻ സർക്കാരിന്റെ 'ഫെഡറൽ റിസർവ് ബോർഡ്'' എന്ന സാമ്പത്തികവിഭാഗം 'നിങ്ങളുടെ പണത്തെ മനസ്സിലാക്കുക' (നോ യുവർ മണി) എന്ന പേരിൽ ഒരു പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ടു്. പൊതുജനങ്ങൾക്കു കള്ളനോട്ടുകൾ തിരിച്ചറിയാൻ സാധിക്കുന്നതിനുവേണ്ടി കള്ളനോട്ടടിക്കാർ സാധാരണയായി എന്തെല്ലാം തെററുകൾ വരുത്താറുണ്ടെന്നു് ഈ പുസ്തകത്തിൽ വിശദമായി വിവരിച്ചിരിക്കുന്നു. ആവശ്യമുള്ള ആർക്കും സൗജന്യമായി സർക്കാർ അയച്ചുകൊടുക്കുന്ന ഈ പുസ്തകം, തങ്ങളുടെ തെററുകൾ തിരുത്തി ഡോളർനോട്ടടിയിൽ സർക്കാരിനു തുല്യമായ വൈദഗ്ധ്യം ആർജിക്കുവാൻ ലോകമെങ്ങുമുള്ള ഡോളർ കള്ളനോട്ടടിക്കാർക്കു് വേദപുസ്തകംപോലെ ഉപകരിച്ചുവത്രേ.

മദ്രാസിലെ അന്ധനായ നൂറുദ്ദീൻ കള്ളനോട്ടുകളെ നല്ല നോട്ടുകളിൽനിന്നു വേർതിരിക്കുന്നതു വിരലുകൾകൊണ്ടു തടവിനോക്കിയിട്ടാണെങ്കിൽ, ബ്രിട്ടനിലെ വാൾട്ടർ തോൺടൺ എന്ന അന്ധൻ കള്ളനോട്ടുകളെ തിരിച്ചറിയാൻ വിരലും ചെവിയും രണ്ടും ഉപയോഗപ്പെടുത്തുന്നുണ്ടു്. 'അന്ധതയ്ക്കു ചികിത്സ' (ക്യൂർ ഫോർ ബ്ലൈൻഡ്നസ്) എന്ന ഒരു പുസ്തകമെഴുതിയിട്ടുള്ള തോൺടൺ 1944–ൽ ലണ്ടൻ പട്ടണത്തിൽ ജർമൻകാർ നടത്തിയ വിമാനാക്രമണത്തിൻഫലമായി അന്ധനായിത്തീർന്നതായി

രുന്നു. അന്ധതമൂലം ഉളവായ അവശതകരം ഇച്ഛാശക്തികൊണ്ടു താൻ എങ്ങനെ പരിഹരിച്ചു എന്നു് 1968–ൽ പ്രസിദ്ധീകരിച്ച തന്റെ പുസ്തകത്തിൽ തോൺടൺ വിവരിച്ചിട്ടുണ്ടു്.

കള്ളനാണ്യങ്ങരം വിരലുകരംകൊണ്ടു തിരിച്ചറിയുക അന്ധർക്കു വിഷമമല്ലെന്നു് തോൺടൺ പറയുന്നു. അവയുടെ അരികും മററും തൊട്ടുനോക്കി എളുപ്പത്തിൽ നല്ല നാണ്യങ്ങളെ കള്ളനാണ്യങ്ങളിൽനിന്നു തിരിച്ചറിയാനുള്ള ഉപാധികരം കമ്മട്ടക്കാർ ഉണ്ടാക്കിയിട്ടുണ്ടു്. രണ്ടു വിരലുകരംക്കിടയിലൂടെ നോട്ടോടിച്ചു്, ചൂണ്ടുവിരൽകൊണ്ടു തടവിയാണു നോട്ടുകളുടെ നന്മയും തിന്മയും തോൺടൺ വ്യവച്ഛേദിക്കുന്നതു്. സ്പർശത്തിനു പുറമെ കേരംവിയും ഈ ആവശ്യത്തിനു് അദ്ദേഹം ഉപയോഗപ്പെടുത്തുന്നു.

'കറൻസിനോട്ടിൽ എന്തു കേരംവി?' എന്നായിരിക്കും നിങ്ങളുടെ ചോദ്യം. നോട്ടു് കൊടുക്കുന്ന ആളുടെ ശബ്ദം കേട്ടാൽ, അയാരം കള്ളനോ, സത്യസന്ധനോ എന്നു് തോൺടനു് അറിയാമത്രെ. വളരെ ശ്രമപ്പെട്ടാൽ ആളുകരംക്കു തങ്ങളുടെ മുഖഭാവം മറച്ചുവയ്ക്കാൻ കഴിഞ്ഞേക്കും. എന്നാൽ, അസത്യം പറയുമ്പോരം സ്വരത്തിനുണ്ടാകുന്ന ഈഷദ്ഭേദങ്ങരം മറച്ചുവയ്ക്കാൻ ഏതു പഠിച്ച കള്ളനും സാദ്ധ്യമല്ല. നോട്ടുകൊടുക്കുന്ന ആളെപ്പററി സംശയം തോന്നിയാൽ തോൺടൺ രണ്ടുമൂന്നു ചോദ്യം അങ്ങോട്ടു ചോദിക്കും. അവയ്ക്കു കിട്ടുന്ന ഉത്തരങ്ങളുടെ ധ്വനിഭേദത്തിൽനിന്നു് മുന്നിൽ നിൽക്കുന്നവൻ കള്ളനോ, സത്യസന്ധനോ എന്നു് അദ്ദേഹം തീരുമാനിക്കുകയുംചെയ്യും.

ഏതു് അവശതയെയും അനുഗ്രഹമാക്കി മാററാൻ കഴിയുമെന്നു് നൗറുദ്ദീന്റെയും തോൺടന്റെയും കഥകരം നമ്മെ പഠിപ്പിക്കുന്നില്ലേ?

പിന്നെ എഴുതിയതു്:

ഇതെഴുതിക്കഴിഞ്ഞശേഷം, പത്രമാപ്പീസിലെത്തുംമുമ്പു് ബസ്സിൽ ഞാൻ കൊടുത്ത രണ്ടുരൂപാനോട്ടു് എടുക്കുകയില്ലെന്നു പറഞ്ഞു കണ്ടക്ടർ മടക്കിത്തന്നു. 'എന്റെ കൈയിൽ ചില്ലറയില്ല' എന്നല്ല കണ്ടക്ടർ പറഞ്ഞതു്: 'നിങ്ങളുടെ രണ്ടുരൂപാനോട്ടു ലോക്കൽ ആണു്' എന്നാണു്. സർക്കാർ അടിച്ചിറക്കിയതല്ലത്രേ അതു്; സ്ഥലത്തുള്ള ഏതോ കുടിൽവ്യവസായിയുടെ സൃഷ്ടിയാണത്രെ. കണ്ടക്ടരുടെ ഫലിതം കേട്ടു യാത്രക്കാർ ചിരിച്ചു. ഞാൻ ആകെ ഷരംഗവൃത്തിലുമായി. ഇനി ഈ സാധനം ബാങ്കിൽ കൊടുത്തുനോക്കട്ടെ.

(30 മാർച്ചു്, 1986)

# 101. ഏജൻറും കമ്മീഷനും

ഏജൻറിനെ ഒഴിവാക്കാൻ പററുമോ? കമ്മീഷൻ കൊടുക്കാതിരിക്കാൻ കഴിയുമോ?

നിങ്ങളുടെ മകനു്, അല്ലെങ്കിൽ മകരംക്കു്, വിവാഹപ്രായം ആയിരിക്കുന്നു. പററിയ ഒരു പെണ്ണിനെ, അല്ലെങ്കിൽ ചെറുക്കനെ, നിങ്ങരംക്കു നേരിട്ടറിയാമെങ്കിൽ കുഴപ്പമില്ല. പെണ്ണിന്റെ, അല്ലെങ്കിൽ ചെറുക്കന്റെ ഹിതം ആദ്യം അറിയുക; പിന്നീടു് മാതാപിതാക്കളെ സമീപിക്കുക —കാര്യം എത്ര സുഗമം!

പക്ഷേ, യോജിച്ച വധുവോ, വരനോ, നിങ്ങളുടെ പരിചയത്തിൽ ഇല്ലെങ്കിലോ? അപ്പോരം ഏതെങ്കിലും വിവാഹദല്ലാളിന്റെ സഹായം